**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6273 | 03.04.2018 ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പഠനമുറികൾ**

| **ചോദ്യം**<br>**ശ്രീ.മുരളി പെരുനെല്ലി** | | **ഉത്തരം**<br>**ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ഗവ/എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് 120 sq. ft. വലിപ്പമുള്ള റൂം നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവർ പ്ലാസ്റ്റർ ചെയ്യുന്നതിനും വാതിൽ, ജനൽ എന്നിവ സ്ഥാപിക്കുന്നതിനും തറ ടൈൽ പാകുന്നതിനും ഇലക്ട്രിഫിക്കേഷൻ ചെയ്ത് ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനും പഠനമുറി പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. വരുമാന പരിധി 1,00,000/- രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും മറ്റ് ഏജൻസികളിൽ നിന്ന് ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതുമായ കുടുംബങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്. നിലവിലുള്ള വീടിന്റെ വലിപ്പം 800 sq. ft. വരെയുള്ളവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. പത്താം ക്ലാസ്സിൽ പഠിക്കുന്നവർ ഉള്ള കുടുംബം, ഒരു കിടപ്പുമുറി മാത്രമുള്ള വീടുള്ളവർ, വിധവ/വിഭാര്യർ നയിക്കുന്ന കുടുംബങ്ങൾ, താഴ്ന്ന വരുമാനക്കാർ എന്നിവർക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗക്കാരായ 8 -ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർ |

| | | | |
|---|---|---|---|
| | | | തഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | പട്ടികജാതി വികസന വകുപ്പ് മണലൂർ നിയോജക മണ്ഡലത്തിൽ പഠനമുറികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി)<br>&<br>(സി) | ഉണ്ട്. മണലൂർ മണ്ഡലത്തിൽ നടപ്പുവർഷം 81 പഠനമുറികൾ വകുപ്പ് മുഖേന അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പഠനമുറികൾ അനുവദിച്ചിട്ടില്ലെങ്കിൽ അത് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ